# വിശാല കൊച്ചി വികസന അതോറിറ്റി

പി.ബി. നമ്പർ 2012 ഫോൺ 2204261, 2206122 ഫാക്സ് : 91 484 2206230 കൊച്ചി-682 020
Website:- www.gcda.kerala.gov.in. E-mail id:- gcdaonline@gmail.com


നം.5287/എസ്റ്റേറ്റ്/ബി-4/2023/ജിസിഡിഎ

തീയതി, 11.07.2023

## ടെണ്ടർ/ലേലം നോട്ടീസ്

വിശാല കൊച്ചി വികസന അതോറിറ്റി വക വിവിധ വാണിജ്യ സമുച്ചയങ്ങളിലെ കടമുറി/ഓഫീസ് മുറികൾ എന്നിവ 20.07.2023 തീയതിയിൽ ടെണ്ടർ/ലേലം മുഖേന വാടകയ്ക്ക് നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു.

താൽപര്യമുള്ളവർ നിശ്ചിത നിരതദ്രവ്യത്തോടൊപ്പം നിർദ്ദിഷ്ട അപേക്ഷ ഫോറത്തിൽ ഒരു ചതുരശ്ര അടി സ്ഥലത്തിന് വാഗ്ദാനം ചെയ്യുന്ന വാടക രേഖപ്പെടുത്തിയ ടെണ്ടർ മുദ്രവെച്ച കവറുകളിൽ 20.07.2023 തീയതി ഉച്ചയ്ക്ക് 1.00 മണി വരെ ജിസിഡിഎ ഓഫീസിൽ എസ്റ്റേറ്റ് വകുപ്പിൽ സമർപ്പിക്കേണ്ടതാണ്. ടെണ്ടർ ഫോറം നൽകുന്ന അവസാന തീയതി 20.07.2023 ഉച്ചയ്ക്ക് 12.00 മണിവരെയാണ്. ടെണ്ടർ ഫോറത്തിന്റെ വില 560/- രൂപയാണ്.

നിരതദ്രവ്യ തുക 50,000/- രൂപയുടെ "സെക്രട്ടറി, ജിസിഡിഎ കൊച്ചി" പേരിൽ ഡി.ഡി. ആയി അപേക്ഷാഫോറത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്.

അന്നേ ദിവസം പകൽ 3.00 മണിക്ക് ജിസിഡിഎ ഓഫീസിൽ വെച്ച് പരസ്യലേലം ഉണ്ടായിരിക്കുന്നതാണ്.

ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ ഓഫീസിൽ നിന്നും ലഭ്യമാക്കാവുന്നതാണ്. ടെണ്ടർ/ലേലം യാതൊരു കാരണവും കാണിക്കാതെ മാറ്റിവയ്ക്കുന്നതിനോ നിരസിക്കുന്നതിനോ സെക്രട്ടറിയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ടെണ്ടർ/ലേല ദിവസം അവധിയാണെങ്കിൽ ടെണ്ടർ/ലേലം തൊട്ടടുത്ത പ്രവൃത്തി ദിനത്തിൽ നടത്തുന്നതാണ്.

(ഒപ്പ്)
സെക്രട്ടറി

നോട്ടീസ് ബോർഡ്,
കൊച്ചി നഗരസഭ
അതോറിറ്റി വക എല്ലാ വാണിജ്യ സമുച്ചയങ്ങളിലും

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Am-12.07.2023

## 20.07.2023 തീയതിയിലെ ടെണ്ടർ/ലേലത്തിൽ ചേർത്തിരിക്കുന്ന കടമുറികൾ/ഓഫീസ്മുറി/ഗോഡൗൺ

| വാണിജ്യ സമുച്ചയം | നിരതദ്ര വ്യതുക | കടമുറി/ഓഫീസ് മുറി/ഗോഡൗൺ | കുറഞ്ഞ വാടക ച.അടിക്ക് | | വിസ്തീർണ്ണം | |
|---|---|---|---|---|---|---|
| | | | | ഹോട്ടൽ/ റസ്റ്റോറന്റ് | ച.മീ | ച.അടി |
| മറൈൻ ഡ്രൈവ് ഷോപ്പിംഗ് കോംപ്ലക്സ് | 50,000/- | എ-12 | 30 | കുടിവെള്ള കണക്ഷൻ ലഭ്യമല്ല | 7.64 | 82.24 |
| | | എ-15 | 30 | ,, | 8.30 | 89.34 |
| | | എ-16 | 30 | ,, | 4.22 | 45.42 |
| | | ബി-9 | 30 | ,, | 9.5 | 102.22 |
| | | ബി-10 | 30 | ,, | 8.73 | 93.97 |
| | | ബി-17 | 30 | ,, | 12.93 | 139.18 |
| | | ബി-36 | 30 | ,, | 4 | 43.06 |
| | | ഒ.എസ്-51 | 17 | | 156.31 | 1682.52 |
| | | ഒ.എസ്-55 | 17 | | 156.31 | 1682.52 |
| | | ഒ.എസ്.-57 | 17 | | 50.72 | 545.95 |
| | | ഒ.എസ്.-61 | 17 | | 50.70 | 545.75 |
| ജവഹർലാൽ നെഹ്റു ഇന്റർ നാഷണൽ സ്റ്റേഡിയം കോംപ്ലക്സ് | 50,000/- | സി-1208 | 25 | ഹോട്ടൽ/ റസ്റ്റോറന്റ് അനുവദ നീയമല്ല | 51.45 | 553.81 |
| | | സി-1301 | 22 | ,, | 30.47 | 327.98 |
| | | ജി-1302 | 22 | ,, | 57.14 | 615.05 |
| | | ഡി-1201 | 25 | ,, | 38.65 | 416.03 |
| | | ബി-1301 | 22 | ,, | 32.51 | 349.94 |
| | | ഡി-1301 | 22 | ,, | 41.60 | 447.78 |
| | | സി-1308 | 22 | ,, | 62.64 | 674.26 |
| | | ബി-1204 | 25 | ,, | 24.89 | 267.92 |
| | | ബി-1401 | 17 | ,, | 52.78 | 568.00 |
| | | ഡി-1402 | 17 | ,, | 48.14 | 518.18 |
| | | എഫ്-3103 | 17 | ,, | 46.91 | 504.94 |
| കലൂർ മണപ്പാട്ടിപ്പറമ്പ്, ശാസ്താ ടെമ്പിൾ റോഡ് | 50,000/- | സി-1 | 30 | | 39.18 | 421.73 |
| | | സി | 30 | | 21.16 | 227.77 |
| വർക്കിംഗ് ജേർണലിസ്റ്റ് കോളനി കോംപ്ലക്സ് | 50,000/- | ഒ.എസ്-1 | 20 | | 38.46 | 413.98 |
| | | ഒ.എസ്-2എ | 20 | | 22.30 | 240.04 |

| | | | | | | |
|---|---|---|---|---|---|---|
| ഗാന്ധിനഗർ ജിസിഡിഎ ഓഫീസിന് സമീപമുള്ള വാണിജ്യ സമുച്ചയം | 50,000/- | ഒ.എസ്.-1 | 25 | 50 | 227.2 | 2445.58 |
| സലിംരാജൻ റോഡ് കോംപ്ലക്സ് | 50,000/- | ഒ.എസ്. | 25 | 40 | 81.80 | 880.50 |
| അംബേദ്കർ സ്റ്റേഡിയം പുനരധിവാസ സമുച്ചയം | ഇല്ല | ഷോപ്പ് നമ്പർ-13 (SC/ST വിഭാഗങ്ങൾക്കായി സംവരണം ചെയ്തത്) | 15 | കുടിവെള്ള കണക്ഷൻ ലഭ്യമല്ല | 20.475 | 220.39 |

RPR-20.06.2023

| ഫോട്ടോ |
|---|

# വിശാല കൊച്ചി വികസന അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള വിവിധ വാണിജ്യ സമുച്ചയങ്ങളിലെ കടമുറികൾ/ഓഫീസ് മുറികൾ/ഗോഡൗണുകൾ എന്നിവ വാടകയ്ക്ക് അനുവദിച്ച് നൽകുന്നതിനുള്ള ടെണ്ടർ/ലേലത്തിനുള്ള അപേക്ഷ ഫോറം

| | | |
|---|---|---|
| 1 | ടെണ്ടററുടെ മുഴുവൻ പേര് | |
| 2 | ടെണ്ടററുടെ വിലാസം (തെളിവിനായി തിരിച്ചറിയൽ കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തി പകർപ്പ് സമർപ്പിക്കേണ്ടതാണ്) | |
| | എ) സ്ഥിരം വിലാസം | |
| | ബി) വാർത്താവിനിമയ വിലാസം | |
| | സി) പാൻ നമ്പർ (പകർപ്പ് ചേർക്കേണ്ടതാണ്) | |
| | ഡി) ഇ-മെയിൽ അഡ്രസ്സ് | |
| | ഇ) ഫോൺ/ഫാക്സ്/മൊബൈൽ നമ്പർ | |
| 3. | അനന്തരാവകാശിയുടെ പേരും, ബന്ധവും | |
| 4. | എ) ഇ.എം.ഡി. തുക (അക്കത്തിലും അക്ഷരത്തിലും) | |
| | ബി)ഡി.ഡി. നമ്പർ, തീയതി, ഡി.ഡി. എടുത്തിരിക്കുന്ന ബാങ്ക്, ബ്രാഞ്ച്. | |

5. ടെണ്ടററുടെ വസ്തു വിവരങ്ങൾ

| താലൂക്ക് | വില്ലേജ് | സർവ്വേ നമ്പർ | വിസ്തീർണ്ണം | കെട്ടിട വിസ്തൃതി | മറ്റ് വിവരങ്ങൾ |
|---|---|---|---|---|---|
| | | | | | |

## എടുക്കുവാൻ ഉദ്ദേശിക്കുന്ന കടമുറി/ഓഫീസ്മുറി/ഗോഡൗണിന്റെ പേരിന് നേരെ (√) അടയാളപ്പെടുത്തുക

| വാണിജ്യ സമുച്ചയം | നിരതദ്ര വ്യതുക | കടമുറി/ഓഫീസ് മുറി/ഗോഡൗൺ | കുറഞ്ഞ വാടക ച.അടിക്ക് | | വിസ്തീർണ്ണം | |
|---|---|---|---|---|---|---|
| | | | | ഹോട്ടൽ/ റസ്റ്റോറന്റ് | ച.മീ | ച.അടി |
| മറൈൻ ഡ്രൈവ് ഷോപ്പിംഗ് കോംപ്ലക്സ് | 50,000/- | എ-12 | 30 | കുടിവെള്ള കണക്ഷൻ ലഭ്യമല്ല | 7.64 | 82.24 |
| | | എ-15 | 30 | ,, | 8.30 | 89.34 |
| | | എ-16 | 30 | ,, | 4.22 | 45.42 |
| | | ബി-9 | 30 | ,, | 9.5 | 102.22 |
| | | ബി-10 | 30 | ,, | 8.73 | 93.97 |
| | | ബി-17 | 30 | ,, | 12.93 | 139.18 |
| | | ബി-36 | 30 | ,, | 4 | 43.06 |
| | | ഒ.എസ്-51 | 17 | | 156.31 | 1682.52 |
| | | ഒ.എസ്-55 | 17 | | 156.31 | 1682.52 |
| | | ഒ.എസ്.-57 | 17 | | 50.72 | 545.95 |
| | | ഒ.എസ്.-61 | 17 | | 50.70 | 545.75 |
| ജവഹർലാൽ നെഹ്റു ഇന്റർ നാഷണൽ സ്റ്റേഡിയം കോംപ്ലക്സ് | 50,000/- | സി-1208 | 25 | ഹോട്ടൽ/ റസ്റ്റോറന്റ് അനുവദ നീയമല്ല | 51.45 | 553.81 |
| | | സി-1301 | 22 | ,, | 30.47 | 327.98 |
| | | ജി-1302 | 22 | ,, | 57.14 | 615.05 |
| | | ഡി-1201 | 25 | ,, | 38.65 | 416.03 |
| | | ബി-1301 | 22 | ,, | 32.51 | 349.94 |
| | | ഡി-1301 | 22 | ,, | 41.60 | 447.78 |
| | | സി-1308 | 22 | ,, | 62.64 | 674.26 |
| | | ബി-1204 | 25 | ,, | 24.89 | 267.92 |
| | | ബി-1401 | 17 | ,, | 52.78 | 568.00 |
| | | ഡി-1402 | 17 | ,, | 48.14 | 518.18 |
| | | എഫ്-3103 | 17 | ,, | 46.91 | 504.94 |
| കലൂർ മണപ്പാട്ടിപ്പറമ്പ്, ശാസ്താ ടെമ്പിൾ റോഡ് | 50,000/- | സി-1 | 30 | | 39.18 | 421.73 |
| | | സി | 30 | | 21.16 | 227.77 |
| വർക്കിംഗ് ജേർണലിസ്റ്റ് കോളനി കോംപ്ലക്സ് | 50,000/- | ഒ.എസ്-1 | 20 | | 38.46 | 413.98 |
| | | ഒ.എസ്-2എ | 20 | | 22.30 | 240.04 |
| ഗാന്ധിനഗർ ജിസിഡിഎ ഓഫീസിന് | 50,000/- | ഒ.എസ്.-1 | 25 | 50 | 227.2 | 2445.58 |

| | | | | | | |
|---|---|---|---|---|---|---|
| സമീപമുള്ള വാണിജ്യ സമുച്ചയം | | | | | | |
| സലിംരാജൻ റോഡ് കോംപ്ലക്സ് | 50,000/- | ഒ.എസ്. | 25 | 40 | 81.80 | 880.50 |
| അംബേദ്കർ സ്റ്റേഡിയം പുനരധിവാസ സമുച്ചയം | ഇല്ല | ഷോപ്പ് നമ്പർ-13 (SC/ST വിഭാഗങ്ങൾക്കായി സംവരണം ചെയ്തത്) | 15 | കുടിവെള്ള കണക്ഷൻ ലഭ്യമല്ല | 20.475 | 220.39 |

വാഗ്ദാനം ചെയ്യുന്ന ച.അടി വാടക (പൊതുപരിപാലനചെലവ്, ചരക്ക് സേവനനികുതി, എന്നിവ പുറമേ) :

വാടകക്ക് എടുക്കുന്നതിന്റെ ഉദ്ദേശം :

ഞാൻ ....................................... ടി മുറി പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതും, ടെണ്ടർ/ലേല വ്യവസ്ഥകൾ വായിച്ച് മനസ്സിലാക്കിയിട്ടുള്ളതും, ആയത് പാലിച്ചുകൊള്ളാമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു.

സ്ഥലം :
തീയതി :

ടെണ്ടററുടെ ഒപ്പ് :

## കടമുറികൾ/ഓഫീസ് മുറികൾ/ഗോഡൗണുകൾ എന്നിവ വാടകയ്ക്ക് നൽകുന്നതിനുള്ള ടെണ്ടർ/ലേല വ്യവസ്ഥകളും നിയമങ്ങളും.

1. കടമുറികൾ/ഓഫീസ് മുറികൾ/ഗോഡൗണുകൾ വാടകയ്ക്ക് അനുവദിച്ച് നൽകുന്നത് മത്സരാധിഷ്ഠിതമായ ടെണ്ടർ/ലേലത്തിലൂടെ ബഹു. സർക്കാരിന്റെയോ അതോറിറ്റിയുടെ നിർവ്വാഹക സമിതിയുടെയോ പൊതുസമിതിയുടെയോ അംഗീകാരത്തിന് വിധേയമായിട്ടായിരിക്കും.

2. വിശാലകൊച്ചി വികസന അതോറിറ്റിയുടെ അതാത് സമയങ്ങളിൽ നിഷ്ക്കർഷിക്കുന്ന നിയമങ്ങൾക്കും വ്യവസ്ഥകൾക്കും നടപടികൾക്കും അധിഷ്ഠിതമായിട്ടായിരിക്കും കടമുറികൾ/ഓഫീസ്മുറികൾ/ഗോഡൗണുകൾ എന്നിവ അനുവദിച്ച് നൽകുന്നത് ഇപ്രകാരം അനുവദിച്ച് ലഭിക്കുന്ന വ്യക്തി ബഹു. സർക്കാർ നിശ്ചയിക്കുന്ന ചരക്ക്-സേവന നികുതി, പൊതുപരിപാലന ചെലവ് എന്നിവ അതോറിറ്റി കാലോചിതമായി നിശ്ചയിക്കുന്ന മാസ വാടകയോടൊപ്പം അടവാക്കേണ്ടതാണ്.

3. വിവിധ വാണിജ്യ സമുച്ചയങ്ങളിലെ നിരതദ്രവ്യ തുക, അതോറിറ്റി നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വാടക, കടമുറികളുടെ വിവരങ്ങൾ എന്നിവ ഈ ഫോറത്തോടൊപ്പം ചേർത്തിട്ടുണ്ട്. ടെണ്ടർ/ലേലം ച.അടിക്ക് വാഗ്ദാനം ചെയ്യുന്ന തുകയെ ആസ്പദമാക്കിയായിരിക്കും.

4. നിരതദ്രവ്യമായി അടവാക്കേണ്ട തുക സെക്രട്ടറി, ജിസിഡിഎ എന്ന പേരിൽ കൊച്ചിയിൽ മാറാവുന്ന ഡി.ഡി. ആയി അപേക്ഷ ഫോറത്തോടൊപ്പം നൽകേണ്ടതാണ്. നിരതദ്രവ്യ തുകയോടുകൂടെയല്ലാത്ത അപേക്ഷ സ്വീകരിക്കുന്നതല്ല. ഡി.ഡി. അല്ലാതെ മറ്റ് രീതിയിലുള്ള നിരതദ്രവ്യ തുക സ്വീകാര്യമല്ല.

5. നിരതദ്രവ്യം ആയി അടവാക്കുന്ന തുകയ്ക്ക് പലിശ ഉണ്ടായിരിക്കുന്നതല്ല. ടെണ്ടറിൽ അതോറിറ്റിയുടെ തീരുമാനം ആയതിന് ശേഷം ഉയർന്ന ടെണ്ടർ/ലേല തുക നൽകിയ ഒന്നും രണ്ടും സ്ഥാനക്കാരുടേത് ഒഴികെയുള്ളവരുടെ ഡി.ഡി. തിരികെ നൽകുന്നതാണ്. ടെണ്ടർ/ലേലത്തിൽ രണ്ടാം സ്ഥാനത്ത് വരുന്ന നിരതദ്രവ്യ തുക, ഒന്നാം സ്ഥാനക്കാരൻ അലോട്ട്മെന്റ് ഉത്തരവ് പ്രകാരമുള്ള തുക അടവാക്കുന്ന മുറയ്ക്ക് പലിശ കൂടാതെ തിരികെ നൽകുന്നതായിരിക്കും. ടെണ്ടർ/ലേലത്തിൽ ഒന്നാം സ്ഥാനക്കാർ പിൻമാറുന്ന സാഹചര്യത്തിൽ ടിയാരുടെ നിരതദ്രവ്യ തുക അതോറിറ്റിയിലേയ്ക്ക് കണ്ടുകെട്ടുന്നതും, രണ്ടാം സ്ഥാനക്കാരന് ടെണ്ടർ അനുവദിച്ച് നൽകുന്നതുമാണ് (ടെണ്ടറിൽ വാഗ്ദാനം ചെയ്തിട്ടുള്ള തുക അതോറിറ്റി നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വാടകയിലും കൂടുതൽ ആണെങ്കിൽ മാത്രം) രണ്ടാം സ്ഥാനക്കാരനും പിൻമാറുന്ന പക്ഷം, ടിയാരുടെ നിരത ദ്രവ്യ തുക അതോറിറ്റിയിൽ കണ്ടുകെട്ടി വീണ്ടും ടെണ്ടർ വിളിക്കുന്നതായിരിക്കും.

6. ടെണ്ടർ അനുവദിച്ച് നൽകുന്ന പക്ഷം 12 മാസത്തെ വാടക കരുതൽ നിക്ഷേപം ആയും ഒരു മാസത്തെ മുൻകൂർ വാടക, പൊതുപരിപാലന ചെലവ് തുക, ചരക്ക്-സേവന നികുതി (18%) എന്നിവ അനുവദിച്ച് നൽകിയ ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകം അടവാക്കി കരാർ രജിസ്റ്റർ ചെയ്യേണ്ടതാണ്. ടി നടപടികളിൽ വീഴ്ചവരുത്തുന്ന പക്ഷം നിരതദ്രവ്യ തുക ആയി അടവാക്കിയ തുക അതോറിറ്റിയിൽ കണ്ടുകെട്ടുന്നതായിരിക്കും. അനുവദിച്ച് നൽകൽ ഉത്തരവ് തീയതിയുടെ 21-ാം ദിവസം മുതലോ താക്കോൽ കൈപ്പറ്റുന്ന തീയതി മുതലോ ഏതാണോ ആദ്യം വരുന്നത് ടി തീയതി മുതൽ വാടക അടവാക്കേണ്ടതും, ടി തീയതി മുതൽ കരാർ പ്രാബല്യത്തിൽ വരുന്നതുമായിരിക്കും.

7. കരാർ രജിസ്റ്റർ ചെയ്ത് അസ്സൽ അതോറിറ്റിയിൽ ഹാജരാക്കിയതിന് ശേഷം താക്കോൽ കൈപ്പറ്റാവുന്നതാണ്.

8. ടെണ്ടർ/ലേല നടപടികളുടെ നിബന്ധനകൾ/നിയമങ്ങൾ അനുസരിക്കാത്തത് മൂലം അതോറിറ്റിക്കുണ്ടാകുന്ന നഷ്ടത്തിന് ടെണ്ടർ/ലേലം ലഭിക്കുന്ന വ്യക്തി ബാദ്ധ്യസ്ഥനായിരിക്കും.

9. പൊതുപരിപാലന ചെലവായി വരുന്ന തുക മാസവാടകയോടുകൂടി ടി തുകകളുടെ 18% ചരക്ക്-സേവന നികുതി എന്നിവ അടക്കം എല്ലാ മാസവും 10-ാം തീയതിക്ക് മുമ്പായി മുൻകൂറായി അടവാക്കേണ്ടതാണ്.

10. അനുവദിച്ച് നൽകൽ ഉത്തരവ് കൈപ്പറ്റുന്ന പ്രകാരം, ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകം, ഉത്തരവ് പ്രകാരമുള്ള ഒരു മാസത്തെ മുൻകൂർ വാടക അടവാക്കേണ്ടതാണ്.

11. കരാർ കാലാവധി 3 വർഷത്തേക്കായിരിക്കും. കരാർ തീയതി മുതൽ എല്ലാ വർഷവും, വാർഷിക വർദ്ധനവായി 5% വർദ്ധനവ് പ്രാബല്യത്തിൽ വരുത്തുന്നതായിരിക്കും ഈ കാലയളവിൽ അടിസ്ഥാന വാടക, കരുതൽ നിക്ഷേപം, പൊതുപരിപാലന ചെലവ് എന്നിവ ആവശ്യമെന്ന് കാണുന്ന പക്ഷം അതോറിറ്റി വർദ്ധനവ് വരുത്തുന്നതായിരിക്കും.

12. ടെണ്ടറിൽ പങ്കെടുക്കുന്നതിന് മുമ്പ് തന്നെ ടെണ്ടറർ, ടി സ്ഥലത്തിന്റെ വിസ്തീർണ്ണം, മുറിയുടെ സ്ഥിതി എന്നിവ കണ്ട് തൃപ്തിപ്പെടേണ്ടതാണ്. മുറിയുടെ വിസ്തീർണ്ണം സംബന്ധിച്ച് എന്തെങ്കിലും തർക്കമുണ്ടെങ്കിൽ ആയത് കരാർ വയ്ക്കുന്നതിന് മുമ്പ് അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി തീർപ്പക്കേണ്ടതാണ്.

13. വാടക കുടിശ്ശിക വരുത്തുന്ന പക്ഷം അനുബന്ധ നികുതികൾ, പൊതുപരിപാലനചിലവ് അടക്കമുള്ള തുകയ്ക്ക് 12% വാർഷിക അടിസ്ഥാനത്തിൽ പിഴപ്പലിശ ഈടാക്കുന്നതായിരിക്കും.

14. തുടർച്ചയായി മൂന്ന് മാസത്തെ വാടക കുടിശ്ശിക വരുത്തുന്ന പക്ഷം മുറി, മുറിയിലുള്ള സാധനങ്ങൾ അടക്കം പൂട്ടി സീൽ ചെയ്തെടുക്കുന്നതും, ടി നടപടിക്ക് ശേഷം 15 ദിവസത്തിനകം കുടിശ്ശിക തീർപ്പാക്കാത്ത സാഹചര്യത്തിൽ, മുറിയിലുള്ള സാധനങ്ങൾ മറ്റൊരറിയിപ്പില്ലാതെ ലേലം വഴി വിറ്റഴിച്ച്, ടി തുക കരുതൽ നിക്ഷേപത്തോടുകൂടി കുടിശ്ശികയിൽ വരവ് ചെയ്യുന്നതും കുടിശ്ശിക കൂടുതൽ ആണെങ്കിൽ, റവന്യൂ റിക്കവറി നടപടിയും നിയമ നടപടിയും സ്വീകരിക്കുന്നതുമായിരിക്കും. കുടിശ്ശിക കുറവായി വരുന്ന സാഹചര്യത്തിൽ ബാക്കി തുക ടിയാർക്ക് തിരികെ നൽകുന്നതായിരിക്കും.

15. ടെണ്ടർക്ക് അനുവദിച്ച് നൽകിയ മുറി യാതൊരു കാരണവശാലും മറിച്ച് വാടകയ്ക്ക് കൊടുക്കുന്നതിനോ, ഭാഗം തിരിച്ച് മറ്റൊരാൾക്ക് നൽകുന്നതിനോ അനുവദിക്കുന്നതല്ല. അതോറിറ്റിയുടെ അറിവോടും രേഖാമൂലമുള്ള അനുവാദത്തോടും കൂടിയല്ലാതെ ടി മുറി കൈമാറ്റം ചെയ്യാവുന്നതല്ല. അങ്ങനെയുള്ള നടപടികൾ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം മുറി ഒഴിപ്പിച്ചെടുക്കുന്നതും ആയതിന് ചിലവാകുന്ന തുക പിഴ സഹിതം അലോട്ടിയിൽ നിന്നും ഈടാക്കുന്നതുമായിരിക്കും.

16. ടെണ്ടർ അനുവദിച്ച് നൽകിയിരിക്കുന്ന വ്യക്തി മരണപ്പെടുന്ന സാഹചര്യത്തിൽ ടിയാരുടെ നിയമപരമായ അനന്തരാവകാശിക്ക് നിലവിലെ നിയമങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി അതോറിറ്റി കരാർ തുടരാൻ അനുവദിക്കുന്നതാണ്. ആയതിലേയ്ക്ക് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളുടെയും സർക്കാർ വകുപ്പുകളുടെയും രേഖകൾ സഹിതം അതോറിറ്റിയിൽ അപേക്ഷ സമർപ്പിക്കേണ്ടതും, കരാർ പുതുക്കേണ്ടതുമാണ്.

17. ടെണ്ടർ അനുവദിച്ച് ലഭിക്കുന്ന വ്യക്തി ടെണ്ടർ സംബന്ധമായ നിയമങ്ങളും നിബന്ധനകളും പാലിക്കാത്ത സാഹചര്യത്തിൽ മുറി ഒഴിപ്പിച്ചെടുത്ത് അതോറിറ്റിയുടെ അധീനതയിൽ ആക്കുന്നതിനുള്ള പൂർണ്ണമായ അധികാരം അതോറിറ്റിക്ക് ഉണ്ടായിരിക്കും.

18. ടെണ്ടർ ലഭിക്കുന്ന വ്യക്തി ടെണ്ടറിൽ ലഭിച്ച മുറിയും പരിസരവും വൃത്തിയായും വെടിപ്പായും സൂക്ഷിക്കേണ്ടതാണ്.

19. അതോറിറ്റിയുടെ രേഖാമൂലമുള്ള അനുവാദം കൂടാതെ, സ്ഥിരമായതോ, താൽക്കാലികമായതോ ആയ യാതൊരുവിധ പരിവർത്തനം/ഏച്ച് കെട്ടൽ നടത്താൻ പാടുള്ളതല്ല.

20. അതോറിറ്റിയുടെ രേഖാമൂലമുള്ള മുൻകൂർ അനുമതികൂടാതെ പരസ്യ ബോർഡുകൾ/ബാനറുകൾ/ഡിസ്പ്ലേകൾ സ്ഥാപിക്കാൻ പാടില്ല.

21. തദ്ദേശ സ്ഥാപനങ്ങളിൽ നൽകേണ്ടതായ കെട്ടിട നികുതി, വൈദ്യുതി ചാർജ്ജ്, കുടിവെള്ള ചാർജ്ജ്, ബഹു. സർക്കാർ നിശ്ചയിക്കുന്ന സേവന നികുതികൾ, സെസ്സ് എന്നിവ ടെണ്ടർ ലഭിക്കുന്ന വ്യക്തിതന്നെ നൽകേണ്ടതും രസീതുകൾ യഥാസമയം അതോറിറ്റിയിൽ നൽകേണ്ടതുമാണ്.

22. ടെണ്ടർ എടുത്തത് ഏത് ഉദ്ദേശത്തിനാണോ കരാർ പ്രകാരമുള്ള ടി ഉദ്ദേശത്തിനല്ലാതെ മറ്റ് കാര്യങ്ങൾക്ക് ടി മുറി ഉപയോഗിക്കാൻ പാടില്ല. പൊതുകരുതൽ, പൊതുസുരക്ഷ, പൊതു ആരോഗ്യം, സദാചാരം, വൃത്തി, പരിസര ശുദ്ധി, നിയമം എന്നിവയെ ഹനിക്കുന്ന യാതൊരു കാര്യങ്ങളും അനുവദനീയമല്ല.

23. കരാർ കാലാവധിയിൽ ഉണ്ടാകുന്ന കേടുപാടുകൾ/കഷ്ടനഷ്ടങ്ങൾ/നശിപ്പിക്കൽ എന്നിവയ്ക്ക് ടെണ്ടർ അനുവദിച്ച് ലഭിക്കുന്ന വ്യക്തിതന്നെ ഉത്തരവാദിയായിരിക്കുന്നതാണ്. ടി സാഹചര്യത്തിൽ ആയത് പരിഹരിച്ച് നൽകുകയോ, അതോറിറ്റി നിശ്ചയിക്കുന്ന തുക ഒടുക്കുകയോ ചെയ്യേണ്ടതാണ്.

24. അതോറിറ്റിയുടെ ഉദ്യോഗസ്ഥരെ/അധികാരികളെ അനുവദിച്ച് നൽകിയിട്ടുള്ള മുറി/സ്ഥലം പരിശോധനയ്ക്ക് ഏത് സമയവും യാതൊരെതിർപ്പും കൂടാതെ അനുവദിക്കേണ്ടതും, അവരുടെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

25. അതോറിറ്റി സെക്രട്ടറി തീരുമാനിക്കുന്ന പക്ഷം അനുവദിച്ച് നൽകിയിരിക്കുന്ന മുറി/സ്ഥലം മൂന്ന് മാസങ്ങൾക്ക് മുൻപ് നോട്ടീസ് നൽകി ഒഴിപ്പിച്ചെടുക്കുന്നതിന് പൂർണ്ണ അധികാരം സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും. ആയതിൽ യാതൊരുവിധ നഷ്ട പരിഹാരത്തിനും മുറി അനുവദിച്ച് ലഭിച്ച വ്യക്തിക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.

26. മുറി/സ്ഥലം അനുവദിച്ച് ലഭിക്കുന്ന വ്യക്തി ടി മുറി/സ്ഥലം തിരിച്ചേൽപ്പിക്കാൻ ഉദ്ദേശിക്കുന്ന പക്ഷം, മൂന്ന് മാസം മുമ്പ് അതോറിറ്റിയെ രേഖാമൂലം അറിയിക്കേണ്ടതും, അപ്രകാരം ചെയ്യാത്ത വ്യക്തികളിൽ നിന്ന് മൂന്ന് മാസത്തെ വാടക കൂടി ഈടാക്കുന്നതുമാണ്.

27. ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ മുറി/സ്ഥലം അനുവദിച്ച് ലഭിക്കുന്ന വ്യക്തി അന്തർദേശീയ/ദേശീയ പരിപാടികൾ നടക്കുന്ന വേളയിൽ ബഹു. സർക്കാർ/തദ്ദേശ സ്ഥാപനങ്ങൾ/അതോറിറ്റിയുടെ നിർദ്ദേശാനുസരണം യാതൊരെതിർപ്പും കൂടാതെ, മുറികൾ അടച്ച് പൂട്ടേണ്ടതും, അതോറിറ്റികളുമായി സഹകരിക്കേണ്ടതുമാണ്.

28. കരുതൽ നിക്ഷേപം ആയി അടവാക്കിയിട്ടുള്ള തുക വാടക കരാർ തീർപ്പാക്കുന്ന പക്ഷം അതോറിറ്റിക്ക് നൽകേണ്ട തുക കെ.എസ്.ഇ.ബി., കെ.ഡബ്ല്യു.എ., കൊച്ചി നഗരസഭ തുടങ്ങിയ ബാദ്ധ്യതകളും മറ്റേതെങ്കിലും കുടിശ്ശിക ഉണ്ടെങ്കിൽ ആയതും കിഴിച്ച് ബാക്കി തുക പലിശ കൂടാതെ തിരികെ നൽകുന്നതായിരിക്കും.

29. ടെണ്ടർ/ലേല അപേക്ഷാ ഫാറം 20.07.2023 തീയതി 12.00 മണിവരെ ജിസിഡിഎ ഓഫീസ്, കടവന്ത്ര, കൊച്ചി-20-ൽ നിന്നും 560/- രൂപയ്ക്ക് വാങ്ങാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷ ഫോറം സീൽ ചെയ്ത കവറിൽ നിരതദ്രവ്യ തുകയുടെ ഡി.ഡി. സഹിതം ഇതേ ദിവസം ഉച്ചകഴിഞ്ഞ് 1.00 മണിവരെ ടെണ്ടർ ബോക്സിൽ നിക്ഷേപിക്കാവുന്നതാണ്. കവറിന് പുറത്ത് പങ്കെടുക്കുന്ന വ്യക്തിയുടെ പേരും, മുറി/സ്ഥലത്തിന്റെ നമ്പരും എഴുതേണ്ടതാണ്.

ലേലത്തിൽ മാത്രം പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർ അപേക്ഷ ഫോറം പൂരിപ്പിച്ച്, നിരതദ്രവ്യ തുകയുടെ ഡി.ഡി.യോടുകൂടി ടെണ്ടർ/ലേലത്തിന് മുമ്പായി അതോറിറ്റിയിൽ നൽകേണ്ടതും ലേലത്തിൽ പങ്കെടുക്കാവുന്നതുമാണ്. ഒരു മുറി/സ്പേസിന് ഒരു അപേക്ഷാ ഫോറം ഉപയോഗിക്കേണ്ടതും ഒന്നിൽ കൂടുതൽ മുറികൾക്കായി വേറെ വേറെ അപേക്ഷയും ബാധകമായ ഡി.ഡി.യും നൽകേണ്ടതും ആണ്.

പൊതു ലേലം/ടെണ്ടർ 20.07.2023 തീയതി 3.00 മണിക്ക് നടത്തപ്പെടുന്നതാണ്. ലേലത്തിന് ശേഷം മാത്രമേ ടെണ്ടർ തുറക്കുകയുള്ളൂ. ച.അടിക്ക് ഏറ്റവും ഉയർന്ന തുക ലേലത്തിലൂടെയോ, ടെണ്ടറിലൂടെയോ വാഗ്ദാനം ചെയ്ത വ്യക്തിയെ ആയിരിക്കും ടെണ്ടർ അനുവദിച്ച് നൽകാൻ പരിഗണിക്കുക. ടി വാഗ്ദാനത്തുക അതോറിറ്റി നിശ്ചയിച്ചിരിക്കുന്ന അടിസ്ഥാന വാടകയിലും കൂടുതൽ ആയിരിക്കണം.

(ഒപ്പ്)
സെക്രട്ടറി
വിശാലകൊച്ചി വികസന അതോറിറ്റി

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

മേൽ നിയമങ്ങളും, നിബന്ധനകളും പാലിച്ചുകൊള്ളാമെന്ന് ഞാൻ (പേര്) ................................................. ഉറപ്പ് നൽകുന്നു.

സ്ഥലം :

തീയതി :

ടെണ്ടററുടെ പേര് :

ഒപ്പ് :